കണ്ണൂർ ജില്ലയിൽ കമ്മ്യൂണിസ്റ്റ് നേതാക്കളുടെ സ്മാരക സ്തൂപങ്ങൾ തകർത്ത സംഭവം

(1546) ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയൻ ഗോവിന്ദൻ, എൻ.സി. ശേഖർ, എൻ.പി. പത്മനാഭൻ എന്നിവരുടെ സ്മരണയ്ക്കായി കണ്ണൂർ ജില്ലയിലെ പയ്യമ്പലം കടപ്പുറത്ത് നിർമ്മിച്ച സ്മാരക സ്തൂപങ്ങൾ തകർത്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധമായി ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) സമീപസ്ഥലത്തുണ്ടായിരുന്ന കമ്മ്യൂണിസ്റ്റിതര രാഷ്ട്രീയ നേതാക്കളുടെ സ്മാരക സ്തൂപങ്ങൾ തകർത്തിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. ചടയൻ ഗോവിന്ദൻ, ശ്രീ. എൻ.സി. ശേഖർ, ശ്രീ. എൻ.പി. പത്മനാഭൻ എന്നിവരുടെ സ്മാരക സ്തൂപങ്ങൾ തകർത്തതിനു കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം 112/2000 ഐ.പി.സി. 447,427,297 എന്നീ സെക്ഷനുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരുന്നു.

(സി) അന്വേഷണം നടന്നു വരുന്നു.

(ഡി) ഉണ്ട്.

സംസ്ഥാനത്ത് നടന്ന ലാത്തിച്ചാർജ്ജുകൾ

(1551) ശ്രീ. കെ. എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര ലാത്തിച്ചാർജ്ജ് നടന്നിട്ടുണ്ട് എന്നതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ നൽകുമോ;

(ബി) ഈ ലാത്തിച്ചാർജ്ജുകളിൽ ഒട്ടാകെ എത്രപേർക്ക് പരിക്കുപറ്റി എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-1-2000 വരെ ആകെ പത്ത് ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	-	2
കൊല്ലം	-	1
പത്തനംതിട്ട	-	1

LIBRARY ARCHIVES Kerala Legislative Assembly